എഡിറ്റോറിയൽ

**സെപ്റ്റംബർ 2008**

എഡിറ്റർ
ജോർജ്ജ്
കാടൻകാവിൽ



# എന്തിനാ ജീവിക്കുന്നത്?

വിവാഹം അന്വേഷിക്കുന്ന യുവതീയുവാക്കൾ എല്ലാവരും തന്നെ സ്വയം ചോദിക്കുന്ന ചോദ്യമാണ് ആരെ ആയിരിക്കും ഞാൻ വിവാഹം ചെയ്യുന്നത്?. ആരേ വിവാഹം ചെയ്യണം എന്നു ശരിയായ തീരുമാനമെടുക്കണമെങ്കിൽ, എന്തിനാണ് വിവാഹം ചെയ്യുന്നത് എന്ന് ബോദ്ധ്യം ഉണ്ടാകണം. ഈ ബോദ്ധ്യം ലഭിക്കാൻ ആദ്യം ഉത്തരം തേടേണ്ട ചോദ്യമാണ് , എന്തിനാ ജീവിക്കുന്നത്?

യുക്തിപരമായി പറഞ്ഞാൽ ജനിച്ചു പോയതു കൊണ്ടാണ് മനുഷ്യരെല്ലാം ജീവിക്കുന്നത്. സ്വന്തം ഇച്ഛാനുസരണം അല്ല നമ്മളാരും ജനിച്ചത്. അപ്പനും അമ്മയുമാണ് ജന്മം തന്നത്. പക്ഷേ ജീവൻ നിശ്ചയിച്ചത് അവരല്ല. ദൈവഹിതമാണ്. പതിനായിരക്കണക്കിന് ബീജങ്ങളിൽ ഓടി ഒന്നമതെത്തിയ ബീജത്തിനു ലഭിച്ച സമ്മാനമാണ്. ഒരു ട്രോഫിയാണ്, എന്റെയും, നമ്മളോരുരുത്തരുടെയും ജീവൻ . ആദ്യമെത്തിയത് മറ്റൊരു ബീജമായിരുന്നെങ്കൽ ചിലപ്പോൾ ഇതേ പേരുള്ള മറ്റൊരാളാകുമായിരുന്നു.

മനുഷ്യന്റെ കഴിവിനും ബുദ്ധിക്കും എത്തിച്ചേരാൻ കഴിയാത്ത, അതിനുമപ്പുറമുള്ള ഒരു ശക്തിയാണ് നമ്മളെ നമ്മളാക്കി നിശ്ചയിച്ച് ഈ ലോകത്തിലേക്ക് വിട്ടിരിക്കുന്നത്. ഈ പ്രപഞ്ചസത്യം നാം വിസ്മരിക്കരുത്, പ്രത്യേകിച്ച് വിവാഹം അന്വേഷിക്കുമ്പോൾ.

എത്രനാളാണ് നമ്മൾ ജീവിക്കാൻ പോകുന്നത്? ഒരു മനുഷ്യനും കൃത്യമായി അതറിഞ്ഞുകൂടാ. ബലം പ്രയോഗിച്ച് അവസാനിപ്പിക്കാൻ ശ്രമിച്ചാലും, ഒരു തീർച്ചയുമില്ലാത്ത സംഭവം ആണ് അന്ത്യം.

ഭൂമിയുടെ ആയുസ്സുമായി തുലനം ചെയ്താൽ ഒന്നു കണ്ണു ചിമ്മിതുറക്കാനുള്ളത്ര സമയം പോലുമില്ല ഒരു മനുഷ്യന്റെ ആയുസ്സ്. ജനനത്തിനും മരണത്തിനും ഇടയിലുള്ള തീരേ ചെറിയ ഈ കാലത്തിനുള്ളിൽ ഒരു മനുഷ്യൻ എന്തെല്ലാം, എത്രയെല്ലാം, ഏതെല്ലാം അവകാശപ്പെടുത്തിയാലും സ്വന്തം എന്ന് അക്ഷരാർത്ഥത്തിൽ അവകാശപ്പെടുത്തിയാലും, സ്വന്തം എന്ന് അക്ഷരാർത്ഥത്തിൽ അവകാശപ്പെടാവുന്ന ഒരേ ഒരു കാര്യം മാത്രമേ ഉള്ളു, അതാണ് അവനവന്റെ അനുഭവങ്ങൾ

സ്വന്തം അനുഭവങ്ങളിൽ നിന്നും ലഭിക്കുന്ന അനുഭൂതികളാണ് ഓരോ മനുഷ്യന്റെയും ജീവിതത്തിന്റെ യഥാർത്ഥ അളവുകോൽ. ഇതു നാട്ടുകാർക്കും, വീട്ടുകാർക്കും കൂട്ടുകാർക്കും മറ്റും കാണാനും തൊടാനും കിട്ടുന്നതല്ല.

അതുകൊണ്ട് നാട്ടുകാരേയും വീട്ടുകാരേയും കാണിക്കാൻ പറ്റുന്ന അളവുകോലുകൾ (Tangible Indicators) മാത്രം വെച്ച് വിവാഹം അന്വേഷിക്കുന്നത് അപൂർണ്ണമായിരിക്കും.

നല്ല അനുഭൂതികൾ സൃഷ്ടിക്കാനും, ആസ്വദിക്കാനും കഴിയുന്ന പങ്കാളിയെ കണ്ടെത്താൻ മക്കൾക്ക് ഇടവരുത്തണേ എന്ന് തമ്പുരാനോട് നിത്യവും പ്രാർത്ഥിക്കണം, അതിനുവേണ്ടി പ്രവർത്തിക്കണം, വിഷമിപ്പിക്കുന്ന അനുഭവങ്ങളിൽ നിന്നു പോലും നല്ല അനുഭൂതികൾ കണ്ടെത്താൻ കഴിയുന്ന മനോഭാവം വളർത്തിയെടുക്കണം. ഇത്ര ഒക്കെയേ നമ്മുടെ നിയന്ത്രണത്തിലുള്ളൂ. അത് നമുക്ക് ആത്മാർത്ഥമായി തന്നെ ചെയ്യാം. മറ്റേ പാതി തമ്പുരാന് വിട്ടുകൊടുത്തേക്കുക.

More Articels: http://www.bethlehemmatrimonial.com/editorial.html

www.BethlehemMatrimonial.com